കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ ഓഡിറ്റ് റിപ്പോർട്ട് 2023-24

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

കെ.എസ്.എ.റ്റി.വി.എം/മിസ്.1/1604/2024

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം-695001.
ഫോൺ 0471-2331231
e-mail-lfadtvm@yahoo.in
തീയതി. 08.11.2024

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി,
പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ.

സർ,

വിഷയം :- പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.1/1604/2024 **തീയതി. 08.11.2024**

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്	ഹരികുമാർ .ജി, ജോയിന്റ് ഡയറക്ടർ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥന്റെ പേര്/വിവരം	ശ്രീ. സജേഷ് ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ശ്രീ ശരത് ജെ. ശങ്കർ, , സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	07.08.2024
ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം	2023-24 വർഷത്തെ വരവ് ചെലവ് കണക്കുകൾ

നിർവഹണാധികാരികൾ

ചെയർമാൻ	ശ്രീ. പന്ന്യൻ രവീന്ദ്രൻ
സെക്രട്ടറി	ഡോ. എഴുമറ്റൂർ രാജരാജവർമ്മ
എക്സിക്യൂട്ടീവ് ഡയറക്ടർ	ശ്രീ. എസ്. ഗോപിനാഥ്
ട്രഷറർ	ശ്രീ. ബി. സനിൽകുമാർ

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സ്ഥാപനത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

ഭാഗം -1

പൊതു അവലോകനം

1-1 പൊതു അവലോകനം

തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 17.07.1989 ൽ 575/89-ാം നമ്പരായി രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന സാംസ്കാരിക സംഘടനയാണ് പ്രൊഫ.എൻ.കൃഷ്ണപിള്ള ഫൗണ്ടേഷൻ. കേരളത്തിന്റെ സാംസ്കാരിക രംഗത്ത് അരനൂറ്റാണ്ടിലേറെക്കാലം നിറഞ്ഞുനിന്ന പ്രൊഫ.എൻ.കൃഷ്ണപിള്ളയുടെ മൂല്യങ്ങളും ആശയാദർശങ്ങളും ഉയർത്തിപ്പിടിച്ചുക്കൊണ്ട് അദ്ദേഹത്തിന്റെ ധന്യസ്മരണ നിലനിർത്തുന്നതിന് ഉചിതമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപനം രൂപീകൃതമായിട്ടുള്ളത്. പ്രൊഫ.എൻ.കൃഷ്ണപിള്ളസ്മാരക സംസ്കൃതികേന്ദ്രം എന്ന ആസ്ഥാനമന്ദിരത്തിൽ എം.കെ.ജോസഫ് മിനി തിയേറ്റർ, പ്രൊഫ.എൻ.കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാല-പഠന ഗവേഷണ കേന്ദ്രം, പ്രൊഫ.എൻ.കൃഷ്ണപിള്ള മ്യൂസിയം, ഡിജിറ്റൽ ഗ്രന്ഥശാല, കുട്ടികളുടെ ഗ്രന്ഥശാല, ദൃശ്യ-ശ്രവ്യ നാടക പഠനകേന്ദ്രം, കൃഷ്ണ ഡിജിറ്റൽസ് (റിക്കാർഡിംഗ് എഡിറ്റിംഗ് സ്റ്റുഡിയോ), മലയാള ഭാഷാപഠനകേന്ദ്രം, നന്ദനം ബാലവേദി, സാഹിതീ സഖ്യം, എൻ. കൃഷ്ണപിള്ള നാടകവേദി എന്നിവ പ്രവർത്തിച്ചു വരുന്നു. 2023-24 വർഷത്തിൽ ഫൗണ്ടേഷന്റെ അഞ്ച് ജനറൽ കൗൺസിൽ യോഗവും ഏഴ് ഗവേണിംഗ് കൗൺസിൽ യോഗങ്ങളും കൂടിയിട്ടുണ്ട്.

1-2 2023-24 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ ജന്മവാർഷികദിനമായ 2023 സെപ്റ്റംബർ 22 ന് നാടകോത്സവം സംഘടിപ്പിച്ചു. ലോകനാടക ദിനാഘോഷം, ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്, സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്, പ്രൊ.ആനന്ദക്കുട്ടൻ നായർ അനുസ്മരണം, തുടങ്ങിയ പ്രവർത്തനങ്ങൾ 2023-24 വർഷം സംഘടിപ്പിക്കുകയുണ്ടായി.

1-3 ബജറ്റ്

2023-24 ലെ വാർഷിക ബജറ്റ് 2023 ഫെബ്രുവരി 23 ന് ചേർന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 42,55,000/- രൂപ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്നു.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ധനസഹായം

ക്രമ നം.	ഗ്രാന്റ് അനുവദിച്ച ഉത്തരവ്, തീയതി	ഗ്രാന്റ് വിവരം	തുക (രൂപ)	അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി
1	എ2-1569/23/സാം,വ തീ.21.08.23	വാർഷിക ഗ്രാന്റ്	100000	20.09.2023
2	എ2-1569/23/സാം,വ തീ.19.10.23	വാർഷിക ഗ്രാന്റ്	100000	25.10.2023
3	എ2-1569സാം,വ തീ.25.11.23	വാർഷിക ഗ്രാന്റ്	100000	29.11.2023
4.	എ2-1569സാം,വ തീ.27.12.23	വാർഷിക ഗ്രാന്റ്	100000	16.01.2024
5	എ2-1569സാം,വ തീ.10.03.24	വാർഷിക ഗ്രാന്റ്	100000	28.03.2024
6	നം. എ2-1481/23/സാം. വ, തീയതി, 24-07--23	പ്രത്യേക ധനസഹായം	400000	31.07.2023
7	നം. എ2-1481/23/സാം. വ, തീയതി, 04-10--23	പ്രത്യേക ധനസഹായം	360000	28.11.2023
8	നം. എ2-1481/23/സാം. വ, തീയതി, 02-03-24	പ്രത്യേക ധനസഹായം	300000	27.03.2024
	ആകെ		1560000	

2-2 മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ഗ്രാന്റ് വിവരം	തുക (രൂപ)	ക്രഡിറ്റ് തീയതി
1	കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ	ലൈബ്രറി ഗ്രാന്റ്	31200	03.05.2023
2	കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ	ആക്ടിവിറ്റി ഗ്രാന്റ്	9000	22.11.2023
	ആകെ		**40200**	

വാർഷിക ധനകാര്യ പത്രികയിൽ ലൈബ്രേറിയൻ അലവൻസ് ഉൾപ്പെടെയാണ് ലൈബ്രറി ഗ്രാന്റ് തുകയിൽ(104000/-) രേഖപ്പെടുത്തിയിട്ടുള്ളത്

2-3 വരവുകൾ സമയബന്ധിതമായി ബാങ്കിൽ ഒടുക്ക് വരുത്തുന്നില്ല

സ്ഥാപനത്തിൽ ലഭിക്കുന്ന വരവ് തുകകൾ അതത് ദിവസങ്ങളിലോ തൊട്ടടുത്ത ദിവസങ്ങളിലോ സ്ഥാപനത്തിന്റെ തനത് ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. കൂടാതെ ലഭിക്കുന്ന വരവ് തുകകൾ ബാങ്കിൽ ഒടുക്ക് വരുത്താതെ നേരിട്ട് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തുക ഇപ്രകാരം ചെലവഴിക്കുന്നതിന് കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.2/07.08.2024 ന്) ഇരുപത്തയ്യായിരം രൂപ വരെ ഓഫീസിൽ പണമായി സൂക്ഷിക്കാനും (പെർമനന്റ് അഡ്വാൻസ്) അതിന് പുറമെയുള്ള തുക പണമായി ഒടുക്കാനും ഭരണസമിതി തീരുമാനം ഉള്ളതായും ആയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക കൈവശം വെയ്ക്കുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ്, വാല്യം.1, ആർട്ടിക്കിൾ 7(2) പ്രകാരം സ്ഥാപനത്തിന് ലഭിക്കുന്ന വരവ് തുകകൾ തൊട്ടടുത്ത ദിവസത്തിനുള്ളിൽ ബാങ്കിൽ ഒടുക്ക് വരുത്തേണ്ടതാണ്. വരവായി ലഭിക്കുന്ന തുകകൾ ബാങ്കിൽ ഒടുക്ക് വരുത്തിയ ശേഷം മാത്രം, ഭരണ സമിതി തീരുമാന പ്രകാരമുള്ള പെർമനന്റ് അഡ്വാൻസ് ഇനത്തിലെ തുകകൾ ബാങ്കിൽ നിന്നും പിൻവലിച്ച് സൂക്ഷിക്കേണ്ടതും ആയത് കാഷ് ബുക്കിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്.

2-4 ഓഡിറ്റോറിയം വാടകയ്ക്ക് നൽകൽ - അപാകങ്ങൾ

സ്ഥാപനത്തിലെ ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നതുമായി (സാംസ്കാരിക സമ്മേളനം, സത്കാരം, സ്വീകരണം, നാടക റിഹേഴ്സൽ, അങ്കണം, അണിയറ എന്നിവയ്ക്ക്) ബന്ധപ്പെട്ട നിബന്ധനകളും നിരക്കുകളും 01.10.2018 പ്രാബല്യ തീയതിയിൽ 22.03.2021 ൽ സെക്രട്ടറി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്ക് പ്രകാരമല്ല വിവിധ വാടകകൾ ഈടാക്കിയിട്ടുള്ളത്. വാടക സംബന്ധിച്ച വിശദാംശം (വാടകയ്ക്ക് എടുത്ത തീയതി, ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കിയ തുക, ആവശ്യകത) രസീതുകളിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ വാടക രജിസ്റ്ററും പരിപാലിച്ചിട്ടില്ല. ഉദാഹരണം- അരദിവസം ഓഡിറ്റോറിയം വാടക 4500/- രൂപയാണ്. എന്നാൽ രസീത് നമ്പർ 0687 തീയതി 09.05.2023 പ്രകാരം 4000/- രൂപയാണ് വാടക ഈടാക്കിയിട്ടുള്ളത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുക ഒടുക്കിയ വിവരവും വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ പ്രകാരം തുക ഒടുക്കിയ ശേഷം ഏതെങ്കിലും കാരണവശാൽ പരിപാടി നടക്കാതെ വന്നാൽ തുക തിരിക നൽകില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ പരിപാടികൾ റദ്ദാക്കിയതിനാൽ തുക പൂർണമായും ഭാഗികമായും തിരികെ നൽകിയിട്ടുണ്ട്. ഉദാഹരണം-

a) രസീത് നം. 781 തീയതി. 31.07.23 ഒടുക്കിയ തുക 2000/-, തിരികെ നൽകിയത് 1000/-

b) രസീത് നം. 871 തീയതി. 26.09.23 ഒടുക്കിയ തുക 1000/-, തിരികെ നൽകിയത് 1000/-

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/07.08.2024) ഓഡിറ്റോറിയം വാടകയ്ക്ക് നൽകുമ്പോൾ പരിചയമുള്ള ആളുകളിൽ നിന്നും ഡെപ്പോസിറ്റ് തുകകൾ വാങ്ങാറില്ല എന്നും ഫൗണ്ടേഷന്റെ ഗ്രന്ഥശാലാ അംഗങ്ങൾക്ക് അരദിവസത്തേയ്ക്ക് 500/- രൂപയും ഒരു ദിവസത്തേയ്ക്ക് 1000/- രൂപയും ഇളവ് നൽകാൻ സെക്രട്ടറിക്ക് വിവേചനാധികാരം ഉണ്ട് എന്നതിനാലാണ് ഇപ്രകാരം ഇളവ് നൽകിയതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലോ, വാടക ബൈലോയിലോ ഇത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്ററിലും രസീതുകളിലും വാടക വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2-5 വീഡിയോ ലാബ് വാടയ്ക്ക് നൽകൽ - വരവ് തുക ഈടാക്കിയതിന് വ്യക്തതയില്ല

സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വീഡിയോ ലാബ് വാടകയ്ക്ക് നൽകിയ ഇനത്തിൽ 2023-24 വർഷം വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ വാടക നിരക്കും നിബന്ധനകളും ബൈലോയിൽ വ്യക്തമാക്കിയിട്ടില്ല. തുക പിരിച്ചെടുത്ത രസീതുകളിൽ ലാബ് ഉപയോഗിച്ച സമയം, കാലയളവ് എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല. ആയതിനാൽ തുക നിർണയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/07.08.2024) വീഡിയോ ലാബ് സ്ഥിരമായി വാടകയ്ക്ക് നൽകാൻ സജ്ജമായിട്ടില്ല എന്നും നിലവിലുള്ള സംവിധാനം ഉപയോഗിച്ച് വീഡിയോ-ഓഡിയോ എഡിറ്ററുമായി വന്ന് അത്യാവശ്യം ചില പരിപാടികൾ എഡിറ്റ് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും മറ്റ് ലാബുകളുമായി ആലോചിച്ച് മണിക്കൂറിന് 350/- രൂപ ക്രമത്തിലാണ് ഈടാക്കുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. വാടക നിരക്കുകൾ കൃത്യമായും നിർണയിച്ച് രസീതിൽ ആയത് വ്യക്തമാക്കി മാത്രം തുക ഈടാക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഓൺലൈൻ കോഴ്സ് - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

സ്ഥാപനത്തിൽ ഓൺലൈൻ കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 66,150/- രൂപ ചെലവഴിച്ച് ഡിജിറ്റൽ ക്യാമറ വാങ്ങിയിട്ടുണ്ട് (വൗച്ചർ നമ്പർ 636/23-24, തീയതി. 20.02.24). 2023-24 വർഷത്തിൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചിട്ടില്ല. ഓൺലൈൻ ക്ലാസ്സ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ഓൺലൈൻ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകളുടെ വിവരവും ലഭ്യമാക്കാൻ നിർദ്ദേശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (3/07.08.2024) മേൽ ക്യാമറ ഉപയോഗിച്ച് ഒൻപത് ക്ലാസ്സുകളുടെ ഷൂട്ടിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും ആകെ അമ്പതോളം ക്ലാസ്സുകൾ വേണ്ടി വരുമെന്നും അവ പൂർത്തീകരിച്ച ശേഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

3-2 ജീവനക്കാർ തൊഴിൽ നികുതി അടാവാക്കേണ്ടതാണ്

സ്ഥാപനത്തിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 7 ജീവനക്കാരുണ്ട്. 2023-24 വർഷത്തിൽ പ്രസ്തുത ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന വ്യക്തികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/07.08.2024) നഗരസഭയിൽ

നിന്നും അറിയിപ്പ് വരുന്ന മുറയ്ക്ക് നികുതി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3 വ്യവസ്ഥകളില്ലാതെ ലോൺ അനുവദിച്ചു

സ്ഥാപനത്തിൽ 2023-24 വർഷത്തിൽ വൗച്ചർ നം. 705/23-24 തീയതി. 25.03.2024 പ്രകാരം 10,000/- രൂപ വായ്പയായി, ശ്രീ. എം.കെ. ശ്രീധരൻ, ഓഫീസ് അസിസ്റ്റന്റിന് അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും ജീവനക്കാർക്ക് മുൻകൂറായി തുക അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. കൂടാതെ ഇപ്രകാരം അനുവദിച്ച തുക അഡ്വാൻസ് ഇനത്തിൽ രേഖപ്പെടുത്തുന്നതിന് പകരം സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/07.08.24) മാനുഷിക പരിഗണനയും സെക്രട്ടറിയുടെ വിവേചനാധികാരവും ഉപയോഗിച്ചാണ് തുക അനുവദിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. സ്ഥാപനത്തിലെ നിയമങ്ങൾക്കനുസൃതമായി മാത്രം തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-4 ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളും കേരള ഫിനാൻഷ്യൽ കോഡ് വോള്യം 2, ഫോറം നം. 23 പ്രകാരമുള്ള ആസ്തി രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 5/07.08.2024 ന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

3-5 കോഴ്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നടപ്പാക്കുന്ന വിവിധ കോഴ്സുകൾക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിൽ സാരമായ കുറവ് വന്നിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിൽ നടപ്പാക്കി വന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് നിലവിൽ അവസാനിപ്പിച്ചിട്ടുമുണ്ട്. 2023-24 , 2024-25 വർഷത്തെ വിശദാംശം ചുവടെ ചേർക്കുന്നു.

കോഴ്സ്	വർഷം	ബാച്ച് നമ്പർ	ആകെ പഠിതാക്കൾ
ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്	2023-24	4	5
		5	2
	2024-25	6	2
		7	2
ലളിതം മലയാളം ഡിപ്ലോമ കോഴ്സ്	2023-24	1	12
		2	2
	2024-25	3	1
		4	1
സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്	2023-24	1	9
		2	10
	2024-25	3	2
		4	ഇല്ല

സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന് വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ കോഴ്സ് തുടരേണ്ട എന്ന് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് താല്കാലികമായി നിർത്തുകയായിരുന്നുവെന്നും കൂടുതൽ വിദ്യാർത്ഥികൾ എത്തുന്ന പക്ഷം കോഴ്സ് പുനരാരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ കോഴ്സുകളിൽ കൂടുതൽ വിദ്യാർത്ഥികളെ എത്തിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

3.6 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിൽ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖ.7.6, 7.31 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 15,000/- രൂപയ്ക്ക് മുകളിൽ 1,00,000/- വരെയുള്ള വാങ്ങലുകൾ /സേവനങ്ങൾ എന്നിവയ്ക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. എന്നാൽ ഈ സ്ഥാപനത്തിലെ ചുവടെ ചേർത്തിരിക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

1) voucher no. 454/19.10.23 Rs. 25,000/- photo & video (kalotsavam – 2023) paid to brahma news agencies. 2) voucher no 419/25.09.23 Rs. 70,000/-Light & Sounds (kalotsavam -2023) paid to Poojappura Mani.

3) voucher no. 119/09.06.23 Rs. 35,400/- Computer table paid to DNM Furnishing Aryasala Thiruvananthapuram.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 04/07.08.2024 ന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ വാങ്ങലുകൾ /സേവനങ്ങൾ എന്നിവ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് നടത്തേണ്ടതാണ്.

ഭാഗം –4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	1958200.51
വരവ്	2594175
ആകെ	4552375.51
ചെലവ്	2597111
നീക്കിയിരിപ്പ്	1955264.51

4-2 സ്ഥിരനിക്ഷേപം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥിരനിക്ഷേപ അക്കൗണ്ട് നം.	തുക (രൂപ)	പലിശ നിരക്ക് (%)	സ്ഥിരനിക്ഷേപ കാലാവധി പൂർത്തിയാകുന്ന തീയതി	മെച്യൂരിറ്റി തുക
1	42411271927 (SBI)	5,00,000.00	7	04.11.2025	574441
2	42411179557 (SBI)	5,00,000.00	7	04.11.2025	574441
	ആകെ	**10,00,000.00**			

4-3 ഓഡിറ്റ് ചാർജ്ജ്

2023-24 ലെ ആകെ വരവ് (രൂപ)	2594175
കുറയ്ക്കുക - സർക്കാർ ഗ്രാന്റുകൾ + ലൈബ്രേറിയൻ അലവൻസ് (രൂപ)	1664000
ഓഡിറ്റ് ചാർജ്ജിന് കണക്കാക്കാവുന്ന വരവ് (രൂപ)	930175
ഓഡിറ്റ് ചാർജ്ജ് 1% (രൂപ)	9302

2023-24 വർഷത്തെ ഓഡിറ്റ് ചാർജ്ജിനത്തിൽ 9302/- രൂപ "0070-60-110-99 ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ ഒടുക്കി ചെലാൻ ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം – 33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും വിവരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ബി)– ഓഡിറ്റ് ചാർജ്ജ് അടച്ചതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് ചാർജ്ജ്	അടവാക്കിയ തുക (രൂപ)	അടവാക്കാൻ ശേഷിക്കുന്ന തുക	ചെലാൻ നം./തീയതി
2022-23	2615	2615	0	നം. KL021296913202324E തീയതി. 12.10.2023

4-4 അനുബന്ധപത്രികകൾ

1) 2023-24 വർഷത്തെ വരവു ചെലവു പത്രിക അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
2) 2023-24 വർഷത്തെ ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റ് അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 1

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് പത്രിക

വരവിനം	തുക (രൂപ)	ചെലവിനം		തുക (രൂപ)
മുന്നിരിപ്പ്	458200.51	സ്റ്റേഷനറി		18568.00
		പോസ്റ്റേജ്		4789.00
ഫിക്സഡ് ഡെപ്പോസിറ്റ്	1500000	കലോത്സവം		319367.00
വാടക	565050.00	ലോക നാടക ദിനാഘോഷം		16639.00
ലൈബ്രറി മെമ്പർഷിപ്പ്	39500.00	അനുസ്മരണം		33794.00
സംഭാവന	49000.00	ലളിതം മലയാളം കോഴ്സ്		105150.00
പുസ്തക വിറ്റു വരവ്	13366.00	സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്		105000
പാഴ് വസ്തുക്കൾ - വിറ്റു വരവ്	1310.00	ലൈബ്രറി ചെലവ് - ശമ്പളം		281774
ലളിതം മലയാളം കോഴ്സ് ഫീ	98000.00	ലൈബ്രറി - മറ്റ് ചെലവുകൾ		19754
ഗവേഷക വിദ്യാർത്ഥികളിൽ നിന്നും ഫീസ്	80000.00	റിഫ്രഷ്മെന്റ്		23428
പലവക വരവുകൾ	26140.00	യാത്രാബത്ത		7213
		ഇൻവെന്ററീസ്		227295
ഗ്രാന്റ് - കേരള സർക്കാർ 1) ഗ്രാന്റ് ഇൻ എയ്ഡ് 2) സ്പെഷ്യൽ ഗ്രാന്റ് 3) ലൈബ്രറി ഗ്രാന്റ് 4) ലൈബ്രേറിയൻ അലവൻസ്	1664000.00	ഓഡിറ്റ് ഫീ		32935
ബാങ്ക് പലിശ	22109.00	എലവേറ്റർ		33403
ട്രഷറി എഫ്.ഡി പലിശ എഫ്.ഡി പ്രിമെച്യൂർ ക്ലോസിംഗ് (49238-13538)	35700	വെബ്സൈറ്റ്		7053
		ടി.ഡി.എസ്		11020
		പലവക		23755
		ടെലഫോൺ & ഇന്റർനെറ്റ്		23064
		ഇലക്ട്രിസിറ്റി ചാർജ്ജ്		57176
		വാട്ടർ ചാർജ്ജ്		13975
		റിപ്പയർ & മെയിന്റനൻസ്		579204
		ഇൻഷുറൻസ്		25485
		ക്ലീനിംഗ്		1696
		സർവ്വീസ് ചാർജ്ജ്		6000
		ശമ്പളം		551003
		ഫ്യൂവൽ ചാർജ്ജ്		34844
		പ്രിന്റിംഗ്		24687
		ബാങ്ക് ചാർജ്ജ്		9040
		കാഷ്	1990	1955264.51
		എസ് ബി ഐ - 67003353999	637175.46	
		എസ് ബി ഐ - 67028734965	14813.05	
		TSB- 799010100057942	301286	
		FD-1(042411271927)SBI എൻഡോവ്മെന്റ്	500000	
		FD-2(042411179557) SBI	500000	
ആകെ	**4552375.51**	**ആകെ**		**4552375,51**

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 2

ഓഡിറ്റ് സാക്ഷ്യപത്രം

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം ലഭ്യമാക്കുകയും അതിൽ നിന്നുള്ള നിരീക്ഷണങ്ങൾ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണങ്ങളുടേയും അതിന്മേൽ ലഭിച്ച വിശദീകരണങ്ങളുടെയും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടേയും രേഖകളുടെയും അടിസ്ഥാനത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന് 2023-24 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച 15,60,000/- രൂപ (പതിനഞ്ചു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) യുടെ ധനസഹായം സർക്കാർ നിർദ്ദേശമനുസരിച്ച് വിനിയോഗിച്ചിട്ടുള്ളതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്